# അവസ്ഥ

## പി.കെ പാറക്കടവ്

**ഒരു** ബധിരൻ പറഞ്ഞു: പാട്ടില്ല. പട്ടിൽപൊതിഞ്ഞു ചത്തുകിടക്കുകയാണ് ശബ്ദങ്ങൾ. ഇപ്പോൾ ഈ വീട് നിശ്ശബ്ദമാണ്. ഈ നാട് നിശ്ശബ്ദമാണ്. ഈ ലോകം നിശ്ശബ്ദമാണ്.

ഒരു ഊമ നിനച്ചു: ഉള്ളിലെവിടെയോ കുരുങ്ങിപ്പോയി ശ്വാസം മുട്ടിപ്പോയിരിക്കുന്നു വാക്കുകൾക്ക്. മുകൾപ്പരപ്പിലേക്ക് പൊന്തിവരാതെ ആഴിയുടെ അടിയിൽ അമർന്നുപോയിരിക്കുന്നു കുമിളകൾ.

ഒരു അന്ധൻ മൊഴിഞ്ഞു: സൂര്യനില്ല. പണ്ടെങ്ങോ പ്രകാശത്തിന്റെ കിരണങ്ങളത്രയും ആരോ തല്ലിക്കെടുത്തിയിരിക്കുന്നു. കറുത്ത രോമങ്ങളുമായി ഇരുളു മാത്രം.

ഒടുവിൽ അറിവുള്ളവരാരോ ദൈവത്തിന്റെ വാക്കുകളുരുവിട്ടു. "അവിശ്വാസികളുടെ അവസ്ഥ, വിളിയും തെളിയുമില്ലാതെയാതൊന്നും കേൾക്കാത്ത ഇടയൻ ശബ്ദിച്ചാലത്തെ അവസ്ഥയാകുന്നു. അവർ ബധിരരാണ്; ഊമകളാണ്; അന്ധരാണ് – അതിനാൽ അവർ ചിന്തിക്കുകയില്ല." ●